കോടതി കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകാറായിട്ടുണ്ട്. അതും ബഹുമാനപ്പെട്ട മെബർക്ക് അറിയില്ല. മറ്റു നാലു സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണം നടന്നുവരുന്നു. സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കതീതമായി നീതിന്യായ വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് പരമാവധി തുക നൽകുന്നുണ്ട്. ഹൈക്കോടതിയുടെ ഉന്നതാധികാര ന്യായാധിപൻമാരുമായി സംസാരിച്ച് അതിനെപ്പറ്റി ഒരു ധാരണയായിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഹൈക്കോടതിയിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. അതിന്റെ രണ്ടാംഘട്ടത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ കോടതികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 14.5 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോടതികളിൽ ഫർണിച്ചർ വാങ്ങുന്നതിനും ഫോട്ടോകോപ്പികൾ വാങ്ങുന്നതിനും ഹൈക്കോടതിയുടെ ശുപാർശ ലഭിക്കുന്നമുറയ്ക്ക് അനുമതി നൽകിവരികയാണ്. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഓരോ കോർട്ട് കോംപ്ലക്സുകൾ പണിയുന്നതിനുള്ള ഒരു പദ്ധതി നടപ്പിൽ വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇന്ന് ഹൈക്കോടതിക്ക് ആവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്ത് ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി ഒരു ധാരണയിൽ എത്തിയിട്ടുണ്ട്.

V. സബ്മിഷൻ

(1) മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ ദമ്പതികളിൽ ഒരാൾക്കെങ്കിലും തൊഴിൽ നൽകണമെന്നത് സംബന്ധിച്ച്

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതരായിട്ടുള്ള ദമ്പതികൾക്ക് സാമൂഹ്യപരിരക്ഷ നൽകുന്നതിനുവേണ്ടി അവരിൽ ആർക്കെങ്കിലും ഒരാൾക്ക് സർക്കാർ സർവ്വീസിലോ, പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി നൽകണമെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. സാമൂഹ്യമാറ്റത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു സർക്കാരാണ് ഈ സർക്കാർ. അതുകൊണ്ടുതന്നെ ഇത്തരക്കാർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിക്കൊണ്ട് ഇന്ന് കുടുംബങ്ങളിലും ദേശബന്ധങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ സാമൂഹ്യ സമ്മർദ്ദങ്ങളിൽ ജീവിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി അവർക്ക് ഒരു സാമൂഹ്യ പരിരക്ഷ നൽകുന്നതിനുവേണ്ടി, അവരിൽ ആരെങ്കിലും ഒരാൾക്ക് തൊഴിൽ പ്രത്യേകിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് അങ്ങനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കിട്ടുന്ന ആളുകൾക്ക് തൊഴിൽ സ്ഥിരത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചുകൊണ്ട് അവർക്ക് സാമൂഹ്യ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : മിശ്രവിവാഹിതരായ ദമ്പതികളിലൊരാൾ പട്ടികജാതിയിൽപ്പെട്ട ആളാണെങ്കിൽ കുടുംബ വരുമാനം 12000 രൂപയിൽ താഴെയുമാണെങ്കിൽ 10,000 രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 2000/-

LIBRARY ARCHIVES Kerala Legislative Assembly

രൂപ വരെ ധനസഹായം നൽകിവരികയാണ്. കൂടാതെ മിശ്രവിവാഹിതരായ പട്ടികജാതി ദമ്പതികളുടെ മക്കൾക്ക് പട്ടികജാതിക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ദമ്പതികളിൽ രണ്ടാൾക്കും ജോലിയില്ലാത്ത സാഹചര്യത്തിൽ അവരിൽ ഒരാൾക്ക് ജോലി നൽകി സാമൂഹ്യസംരക്ഷണം നൽകുന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

(2) പുതുപ്പാടിയിലുള്ള കറുകടം ഗ്രാമോക്സ് പേപ്പർ ബോർഡ് ഫാക്ടറിയിൽ സിലിണ്ടർ പൊട്ടിത്തെറിച്ച സംഭവം

ശ്രീ. വി.ജെ. പൗലോസ് : സർ, എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ കറുകടത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രാമോക്സ് പേപ്പർ കമ്പനിയിൽ കഴിഞ്ഞവ്യാഴാഴ്ച രാവിലെയുണ്ടായ ഒരു സ്ഫോടനത്തെത്തുടർന്ന് ആ കമ്പനി നിശേഷം തകർന്നുപോയിരിക്കുകയാണ്. അഞ്ചു കോടിയോളം രൂപ ചെലവഴിച്ചു നിർമ്മിച്ചു പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഒരു കമ്പനി നിശേഷം തകർന്നു. ആ കമ്പനിയുടെ അവശിഷ്ടങ്ങൾ രണ്ടര ഏക്കറോളം വരുന്ന പ്രദേശത്ത് ചിന്നിച്ചിതറിക്കിടക്കുകയാണ്. യന്ത്രസാമഗ്രികളെല്ലാം തകർന്നു. ഞാൻ ഈ കാര്യം ഇവിടെ സൂചിപ്പിച്ചത് അവിടെ ഉണ്ടായ സ്ഫോടനത്തിന്റെ ഗൗരവം പെട്ടെന്ന് മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. ഈ സ്ഫോടനത്തോടനുബന്ധിച്ച് രണ്ടാളുകൾ ആ സ്പോട്ടിൽവച്ചു മരിച്ചു. 31 വയസ്സുള്ള അനിൽ ജോസഫ്, 31 വയസ്സുള്ള പി.ടി. സേതു. അവരുടെ മൃതശരീരംപോലും തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ വികൃതമായിപ്പോയി. ഈ മരിച്ച രണ്ടാളുകളെക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞത്. അവിടത്തെ ജീവനക്കാരെന്നുള്ള രീതിയിൽ കമ്പനി കൊടുത്തിട്ടുള്ള നെയിംബോർഡുകൾ അവർ ധരിച്ചിരുന്നതുകൊണ്ടാണ്. നെയിംബോർഡുകൾ ശരീരഭാഗത്തുനിന്നു കിട്ടിയതുകൊണ്ട് മാത്രമാണ് അവരെ തിരിച്ചറിയാൻ കഴിഞ്ഞത്. ഈ രണ്ടാളുകൾ മരിച്ചതു കൂടാതെ രണ്ടാളുകൾ മരണത്തോട് മല്ലടിച്ചുകൊണ്ടിരിക്കുകയാണ്. അവിടെയുണ്ടായ സ്ഫോടനത്തിലൂടെ ഏഴടി വ്യാസമുള്ള കുഴലിൽക്കൂടി കടന്നുപോയ തിളച്ച വെള്ളം കുഴൽ പൊട്ടിത്തെറിച്ച് ശരീരങ്ങളിൽ കൂടി ഒഴുകി രണ്ടാളുകൾ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മരണത്തോട് മല്ലടിച്ച് കഴിയുകയാണ്. നിരവധി ആളുകൾക്ക് പരിക്ക് പറ്റി ആശുപത്രിയിലാണ്. എനിക്ക് പറയുവാനുള്ളത് ഈ 31 വയസ്സുകാരായ രണ്ട് ഹതഭാഗ്യരുടെ നിര്യാണംമൂലം ആ രണ്ടു കുടുംബങ്ങളും വഴിയാധാരമായിരിക്കുകയാണ്. ഒരാൾ കല്യാണം കഴിച്ചിട്ട് മൂന്നു മാസമേ ആയിട്ടുള്ളൂ. ഒരാൾ ഒന്നര വയസ്സുള്ള കുട്ടിയുടെ പിതാവാണ്. അതിദാരുണമായ ഒരു സംഭവമായിട്ടാണ് ഈ സംഭവത്തെ ആ പ്രദേശത്തുള്ള ആളുകളും മറ്റും വീക്ഷിച്ചിരുന്നത്. ഈ സ്ഫോടനംമൂലം മരണപ്പെട്ട ആളുകൾക്ക് ഒരു മാനുഷിക പരിഗണനയെന്നുള്ള രീതിയിൽ പരമാവധി സാമ്പത്തികസഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാവുകയും അതോടൊപ്പം തന്നെ മരണത്തോട് മല്ലടിച്ചുകൊണ്ടിരിക്കുന്ന ആ രണ്ടു തൊഴിലാളികളുടെ ജീവൻ രക്ഷപ്പെടുത്താനാവശ്യമായിട്ടുള്ള സാധ്യമായ എല്ലാ ചികിത്സാ സഹായവും ധനസഹായവും കൊടുത്ത് അവരുടെ ജീവൻ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ നിരവധി ആളുകൾ ആശുപത്രിയിൽ ചികിത്സയിലുണ്ട്. അവരുടെ അസുഖം മാറി അവൾക്ക് തിരിച്ചുവരാൻ കഴിയുന്ന എല്ലാ സഹായവും ചെയ്തുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ സ്ഫോടനമുണ്ടാകാനുണ്ടായ കാരണത്തെക്കുറിച്ച് അനുയോജ്യനായ വിദഗ്ദ്ധ വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly